(ജെ) അദർ ഡ്യൂട്ടിയിൽ വർക്ക് ചെയ്യുന്നതിനാലും ഔട്ടേൺ നൽകേണ്ട കാര്യമില്ലാത്തതിനാലും വാർഷിക ഇൻക്രിമെന്റ് നൽകാറുണ്ട്.

(3) വൈകിക്കിട്ടിയ ഉത്തരങ്ങൾ

ചെറുകിട ജലസേചന പദ്ധതികൾ

162 [1808] ശ്രീ. ടി. യു. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ആകെ എത്ര ചെറുകിട ജലസേചന പദ്ധതികൾ തെരഞ്ഞെടുത്തിട്ടുണ്ട്;

(ബി) ഇവയിൽ എത്ര പദ്ധതികൾ പൂർത്തീകരിച്ച് പ്രവർത്തനമാരംഭിച്ചു;

(സി) നിർമ്മാണത്തിലിരിക്കുന്ന എത്ര ചെറുകിട ജലസേചന പദ്ധതികളുണ്ട്;

(ഡി) പ്രവർത്തനം ആരംഭിക്കാത്ത പദ്ധതികൾ എത്ര എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 6053 പദ്ധതികൾ.

(ബി) 5878 പദ്ധതികൾ.

(സി) 126 പദ്ധതികൾ.

(ഡി) 49 പദ്ധതികൾ.

മാള നിയോജക മണ്ഡലത്തിൽ പൂർത്തീകരിക്കുവാനുള്ള ചെറുകിട ജലസേചന പദ്ധതി

163 [1812] ശ്രീ. ടി. യു. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാള നിയോജകമണ്ഡലത്തിൽ പൂർത്തീകരിക്കുവാനുള്ള ചെറുകിട ജലസേചന പദ്ധതികൾ ഏതെല്ലാം;

(ബി) അഷ്ടമിച്ചിറ, പുത്തൻചിറ സ്കീമുകൾ എന്നേയ്ക്ക് പൂർത്തീകരിക്കാൻ കഴിയും എന്ന് വ്യക്തമാക്കാമോ;

(സി) മാളയിലെ സ്കീമുകൾ പൂർത്തീകരിക്കുവാൻ ഇനി എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടോ; എങ്കിൽ വിശദീകരിക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) മാള നിയോജകമണ്ഡലത്തിൽ പൂർത്തീകരിക്കുവാനുള്ള ചെറുകിട ജല സേചന പദ്ധതികൾ താഴെ പറയുന്നു:

1. കൊണ്ടോഴിഞ്ഞാൽ-മാളച്ചാൽ-കോട്ടമുറി ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി.
2. വഞ്ചിപുരത്താഴം ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി.
3. മംഗലംകുളം-പൂപ്പത്തി ഹരിജൻ കോളനി ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി.
4. അഷ്ടമിച്ചിറ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി.
5. പുത്തൻചിറ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി.

(ബി) അഷ്ടമിച്ചിറ പദ്ധതിയുടെ 54.50 ലക്ഷം രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റിന് അനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

പുത്തൻചിറ പദ്ധതിയുടെ പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. ടി പദ്ധതിക്ക് വേണ്ടി കനാലിനായി സ്ഥലം അക്വയർ ചെയ്യുന്നതിനുള്ള നടപടി ക്രമങ്ങളും നടന്നുവരുന്നു. 2006 മാർച്ചിൽ പണികൾ തീർക്കാമെന്ന് പ്രതീക്ഷിക്കുന്നു.

(സി) മാളയിലെ മറ്റു പദ്ധതികളുടെ എസ്റ്റിമേറ്റുകൾക്കുള്ള അനുമതി, സ്ഥലമെടുപ്പ്, ഫണ്ടിന്റെ ലഭ്യത എന്നിവയ്ക്ക് വിധേയമായി പദ്ധതികൾ നടപ്പാക്കാവുന്നതാണ്.

ഭാരതപ്പുഴയിൽ ചെക്കു ഡാമുകൾ നിർമ്മിക്കുന്നതിനുള്ള പദ്ധതി

164 [1818] ശ്രീ. വി. ചെന്താമരാക്ഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭാരതപ്പുഴയിൽ ചെക്ക് ഡാമുകൾ നിർമ്മിക്കുന്നതിനുള്ള എത്ര പദ്ധതി നിർദ്ദേശങ്ങൾ സർക്കാരിന്റെ പരിഗണനയ്ക്ക് ലഭിച്ചിട്ടുണ്ട്;

(ബി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഇവയിൽ എത്ര ചെക്ക് ഡാമുകളുടെ നിർമ്മാണം പൂർത്തിയാക്കി;

(സി) ഭാരതപ്പുഴയിൽ ചെക്ക് ഡാമുകൾ നിർമ്മിക്കുന്നതിനുവേണ്ടി നിർദ്ദേശിക്കപ്പെട്ടിട്ടുള്ള എല്ലാ പദ്ധതികളുടെയും വിശദമായ ലിസ്റ്റും പദ്ധതി പ്രവർത്തനത്തിന്റെ പുരോഗതി വ്യക്തമാക്കുന്ന റിപ്പോർട്ടും ലഭ്യമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly